# കേരള സർവകലാശാല

നം. പി.ആർ.074/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അധ്യാപക നിയമനം വൈകുന്നതിൽ വി.സിയ്ക്ക് പങ്കില്ല

കേരള സർവകലാശാല സ്വകാര്യ എയ്ഡഡ് കോളേജുകളിലെ പുതുതായി നിയമനം ലഭിച്ച അധ്യാപകരുടെ നിയമന അംഗീകാരം വൈസ് ചാൻസലർ അകാരണമായി തടഞ്ഞുവച്ചിരിക്കുന്നു എന്ന പ്രചരണം വാസ്തവവിരുദ്ധ മാണ് എന്ന് വൈസ് ചാൻസലർ അറിയിക്കുന്നു. എയ്ഡഡ് കോളേജുകളിലെ അധ്യാപകനിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭരണഘട നാപരമായ സംവരണം അനുവദിച്ച് കൊണ്ട് കേരള ഹൈകോടതി വിധിച്ചി രുന്നു. ഇതിനെതിരേ എൻ.എസ്.എസ് മാനേജ്മെന്റ് സമർപ്പിച്ച അപ്പീലിൽ ഹൈക്കോടതി ഡിവിഷൻബെഞ്ച് സ്റ്റേ അനുവദിച്ചെങ്കിലും അന്തിമവിധി ആയി ട്ടില്ല. ഇതിന് പുറമേ ഇപ്പറഞ്ഞ അധ്യാപകനിയമനത്തിൽ ഹൈക്കോടതി ഫുൾബെഞ്ച് നിർദ്ദേശിച്ച യു.ജി.സി മാനദണ്ഡങ്ങളുടെ ലംഘനവും നടന്നി ട്ടുണ്ട്. ഈ സാഹചര്യത്തിൽ ഹൈക്കോടതിയുടെ അന്തിമവിധിയ്ക്ക് വിധേയ മായിട്ടാകണം നിയമനത്തിന് അംഗീകാരം നൽകുന്നതെന്ന് ചൂണ്ടിക്കാണി ക്കാൻ വൈസ് ചാൻസലർക്ക് ബാധ്യതയുണ്ട്. ഇത് കോടതി ഉത്തരവിനെ മാനിക്കുന്നതിന്റെയും ദുർബലവിഭാഗങ്ങളുടെ സാമൂഹിക നീതി ഉറപ്പ് വരു ത്തുന്നതിന്റെയും ഭാഗമായ സാമൂഹിക ഉത്തരവാദിത്വമാണ്. എന്നാൽ പട്ടിക ജാതി വിഭാഗങ്ങളിൽ പെട്ട സിന്റിക്കേറ്റംഗങ്ങൾ ഉൾപ്പെടെ നിയമന അംഗീകാര ഉത്തരവിൽ കോടതിയിൽ നിലനിൽക്കുന്ന കേസിനെക്കുറിച്ച് പരാമർശിക്കരു തെന്ന് ശാഠ്യം വച്ച്പുലർത്തുകയാണ്. ഇക്കാര്യത്തിൽ വൈസ് ചാൻസലുടെ നിലപാടിനെ സാധൂകരിക്കുന്ന വിധത്തിലുമാണ് നിയമോപദേശം ലഭിച്ചിട്ടു ള്ളത്. നിയമനിഷേധം നടത്തുവാൻ സിന്റിക്കേറ്റംഗങ്ങൾ വൈസ് ചാൻസലർക്ക് മേൽ കടുത്ത സമ്മർദ്ദം ചെലുത്തുന്ന സാഹചര്യത്തിൽ ആവശ ്യമായ നിർദേശം നൽകാനായി ഈ വിഷയം ബഹു. ചാൻസലർക്ക് സമർപ്പിച്ചി രിക്കുകയാണ്. ചാൻസലർ നൽകുന്ന നിർദേശമനുസരിച്ച് താമസം വിന നിയ മന അംഗീകാരം സംമ്പന്ധിച്ച ഉത്തരവ് സർവകലാശാല പുറപ്പെടുവിക്കും.

### ബി.എ.എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഏപ്രിൽ നാല് മുതൽ 12 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റു മായി പുനർമൂല്യ നിർണ്ണയ വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്.

### മനുഷ്യാവകാശവും കടമകളും: സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല നിയമവകുപ്പ് നടത്തുന്ന 'മനുഷ്യാവകാശവും കടമ കളും' എന്ന സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ നൽകിയിട്ടുള്ളവർ ഏപ്രിൽ 11-ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കാര്യവട്ടം കാമ്പസിലുള്ള നിയമ പഠന വകുപ്പിന്റെ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2308936.

## ബി.ടെക്ക് ഫലം

കേരള സർവകലാശാല 2016 ജൂൺ-ജൂലയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക്ക് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ഏപ്രിൽ 24 വരെ അപേക്ഷിക്കാം. വെബ്സൈറ്റിൽ ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റുകൾ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ ഉപയോഗിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ( www.keralauniversity.ac.in) ലഭിക്കും.

## പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം നടത്തുന്ന മൂന്നാം വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസിന്റെ പ്രാക്ടിക്കൽ ക്ലാസുകൾ ഏപ്രിൽ എട്ട്, ഒൻപത് തീയതികളിലും മൂന്നാം വർഷ ബി.സി.എ പ്രാക്ടിക്കൽ ക്ലാസുകൾ ഏപ്രിൽ 22, 23 തീയതികളിലും പാളയം വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രത്തിൽ വച്ച് നടക്കും.

## ബി.ടെക്ക് ഫലം

കേരള സർവകലാശാല 2016 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക്ക് റീസ്ട്രക്ചേർഡ്(2013 സ്കീം)-ന്റെയും 2016 ജൂലൈ മാസം നടന്ന രണ്ടാം സെമസ്റ്ററിന്റെയും പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
03.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098